LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയിൽനിന്നും കയറ്റുമതി ചെയ്യുന്ന പാലും പാലുല്പന്നങ്ങളും

92 [3373] ശ്രീ. കെ. എ. ചന്ദ്രൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ പി. ടി. തോമസ്:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്ന് കയറ്റി അയയ്ക്കുന്ന പാലിന്റേയും പാലുല്പന്നങ്ങളുടേയും അളവിൽ കേരളത്തിന്റെ പങ്കെത്രയെന്ന് പറയുമോ;

(ബി) കയറ്റുമതി ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാൽ ഉല്പാദിപ്പിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള പശ്ചാത്തലം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ സ്വീകരിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യ് ഒഴികെ മറ്റു പാലോ പാലുല്പന്നങ്ങളോ മിൽമ കയറ്റി അയച്ചിട്ടില്ല. മറ്റു ഏജൻസികളുടെ ഇതിനെ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) ഇല്ല.

(സി) ശുചിയായ പാലുല്പാദനം, ഉല്പാദന കേന്ദ്രം മുതൽ വിപണന കേന്ദ്രം വരെയുള്ള ശീതീകരണ ശൃംഖല എന്നിവയും ആരോഗ്യമുള്ള പശു, ശരിയായ തോതിൽ ശാസ്ത്രീയമായ പശു പരിപാലനം, ശരിയായ തോതിൽ സമീകൃതാഹാരം മുതലായവയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

(ഡി) ഇവ പൂർണ്ണമായി നടപ്പിലാക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. എന്നാൽ ഘട്ടം ഘട്ടമായി ഇതു നടപ്പിലാക്കുന്നതാണ്.

ക്ഷീരകർഷകരുടെ പ്രതിഫലം

93 [3374] ശ്രീ. ഡി. സുഗതൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ അടൂർ പ്രകാശ്:
„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകൻ പാൽ സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്ന പാലിന് എന്തുവില നൽകുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;